(എഫ്) 975 അനാഥ പ്രേതങ്ങളിൽ 33 എണ്ണം കൊലപാതകമാണെന്നു തെളിഞ്ഞു.

160 (162) തടവുശിക്ഷ ഇളവു ചെയ്ത സംഭവം

ശ്രീ. കെ.സി. വേണുഗോപാൽ :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവപര്യന്തം തടവിനുവിധേയമായി തടവുശിക്ഷ അനുഭവിച്ചു വരുന്നവരുടെയും മറ്റുവിധത്തിലുള്ള തടവുശിക്ഷ അനുഭവിച്ചുവരുന്നവരുടെയും തടവുകാലം ഇളവുചെയ്തുകൊണ്ട് അവരെ ജയിൽ മോചിതരാക്കിയ സംഭവം ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ടോ ;

(ബി) ഈ വിഭാഗത്തിൽപ്പെടുന്നവരുടെ സൂക്ഷ്മ വിവരങ്ങൾ നൽകണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വിവരം നൽകിയോ, ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഈ ഗണത്തിൽപ്പെടുന്ന എത്രപേരെ ഈ ഗവൺമെന്റിന്റെ കാലത്ത് തടവുശിക്ഷ ഇളവു ചെയ്ത് മോചിപ്പിച്ചിട്ടുണ്ടെന്ന് പറയുമോ ;

(ഡി) ഇവരിൽ രാഷ്ട്രീയ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റകൃത്യം ചെയ്ത് ശിക്ഷിക്കപ്പെട്ടവർ എത്രയെന്ന് പറയുമോ ;

(ഇ) അവർ ഏതു രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമാനുസൃതമായി പ്രിസൺ റിവ്യൂ കമ്മിറ്റിയും ജയിൽ അഡ്വൈസറി ബോർഡും നൽകുന്ന ശുപാർശകൾ പരിശോധിച്ചു തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവിരം ഹൈക്കോടതിക്ക് നൽകിയിട്ടുണ്ട്.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 886 ജീവപര്യന്തം തടവുകാരെയും ജയിൽ ഉപദേശക സമിതിയുടെ ശുപാർശ പ്രകാരം 128 തടവുകാരെയും ശിക്ഷ ഇളവ് ചെയ്ത് മോചിപ്പിച്ചിട്ടുണ്ട്. ജയിൽ ഉപദേശകസമിതി 14 വർഷം യഥാർത്ഥശിക്ഷ പൂർത്തീകരിച്ച ജീവപര്യന്തം തടവുകാരുടെ കേസുകൾക്ക് പുറമെ ഹ്രസ്വകാല ശിക്ഷാ തടവുകാരുടെയും കേസുകൾ കേരള പ്രിസൺ റൂൾ 545 അനുസരിച്ച് പരിഗണിക്കുന്നു.

(ഡി) കുറ്റകൃത്യം രാഷ്ട്രീയ കാരണങ്ങളാലാണോ അതോ മറ്റ് കാരണങ്ങളാലാണോ എന്ന് ജയിൽ രേഖകളിൽ ചേർക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തടവുകാർ ഏത് രാഷ്ട്രീയ കക്ഷികളുടെ അനുഭാവികളാണെന്ന് ജയിൽ രേഖകളിൽ രേഖപ്പെടുത്താറില്ല.

സ്ത്രീപീഡനം തടയാൻ സംവിധാനം

161 (163) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ/സ്വാകാര്യ സ്ഥാപനങ്ങളിൽ സ്ത്രീപീഡനം തടയാൻ ഇന്ന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് ;

(ബി) ഇക്കാര്യത്തിൽ സുപ്രീം കോടതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള മികച തൊഴിൽ നിയമനങ്ങളിലും സ്ത്രീകൾക്കെതിരായ പീഡനം തടയുന്നതിനും പ്രത്യേക സൗകര്യങ്ങൾ ഉറപ്പ് നൽകിക്കൊണ്ടുമുള്ള വ്യവസ്ഥകൾ ഉണ്ട്. ഇവ കർശനമായി നടപ്പാക്കുന്നുണ്ട്. സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം തടയുന്നതിന് 1998-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1958-ലെ കേരള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (ജി.ഒ.ആർ.ടി) 1819/ 2000/ തൊഴിൽ. നമ്പരിലുള്ള 26-5-2000-ലെ ഉത്തരവ് (കേരള അസാധാരണ ഗസറ്റ് നമ്പർ 1043 തീയതി 2000 പ്രകാരം) പ്രസ്തുത ഭേദഗതി എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം തടയുന്നതിനായി വിശാഖ വെഴ്സസ് രാജസ്ഥാൻ സ്റ്റേറ്റ് എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

10-1-2001-ലെ പണിമുടക്ക്

162 (164) ശ്രീ. എ. കെ. മണി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-1-2001-ൽ ഏതാനും സർവ്വീസ് സംഘടനകൾ പണിമുടക്കുകയുണ്ടായോ ;

(ബി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിലെ ബഹുഭൂരിപക്ഷം പേരും അന്ന് ജോലി ചെയ്യുന്നതിന് എത്തിയിരുന്നുവോ ;

† അനുബന്ധം - XXIII

LIBRARY ARCHIVES Kerala Legislative Assembly